# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : **1005** — **12/06/2014** ൽ മറുപടിക്ക്

### സൗജന്യ യൂണിഫോം, പാഠപുസ്തക വിതരണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. വി.എസ്. സുനിൽകുമാർ<br>ശ്രീമതി ഗീതാ ഗോപി<br>ശ്രീ. വി. ശശി<br>" കെ. അജിത് | | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) | പുതിയ അദ്ധ്യയന വർഷത്തിൽ സൗജന്യ യൂണിഫോം പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | എ) | ഉണ്ട്. 2014-15 അധ്യയന വർഷത്തിൽ സ്കൂൾ യൂണിഫോം സർക്കാർ സ്കൂളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും രണ്ടു ജോഡി യൂണിഫോം വിതരണം ചെയ്യുന്നതിന് ഒരു കുട്ടിക്ക് ഏകദേശം 400 രൂപ നിരക്കിൽ MHRD അനുവദിച്ചിട്ടുണ്ട്.<br><br>2014-15 അധ്യയന വർഷത്തേക്ക് എയിഡഡ് സ്കൂളുകളിൽ പഠിക്കുന്ന 1 മുതൽ 8 വരെ ക്ലാസ്സുകളിലെ എ.പി.എൽ വിഭാഗം ആൺകുട്ടികൾ ഒഴികെയുള്ള എല്ലാ വിദ്യാർത്ഥികൾക്കും രണ്ടു ജോഡി യൂണിഫോം വിതരണം ചെയ്യുന്നതി ഒരു കുട്ടിക്ക് ഏകദേശം 400 രൂപ നിരക്കിൽ 13,64,440, കുട്ടികൾക്ക് ഏകദേശം 55 കോടി രൂപ വകകൊള്ളിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ബി) | പുതിയ വർഷം എത്ര വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും, കഴിഞ്ഞ അദ്ധ്യയന വർഷം അർഹരായ മുഴുവൻ വിദ്യാർത്ഥികൾക്കും പ്രസ്തുത പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ബി) | എയിഡഡ് മേഖലയിലെ 13,64,440 കുട്ടികൾക്കും സർക്കാർ മേഖലയിൽ 7,80,443 കുട്ടികൾക്കുമാണ് ഈ സൗജന്യം ലഭ്യമാക്കുന്നത്. കഴിഞ്ഞ വർഷം അർഹരായ മുഴുവൻ കുട്ടികൾക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചിട്ടുണ്ട്. |
| സി) | പുതിയ അദ്ധ്യയന വർഷത്തിൽ എത്ര കാലത്തിനുള്ളിൽ യൂണിഫോമും, പാഠപുസ്തകങ്ങളും വിതരണം ചെയ്യാൻകഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വെളിപ്പെടുത്തുമോ? | സി) | 2014-15 വർഷാരംഭത്തിൽ തന്നെ യൂണിഫോം വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. പാഠപുസ്തക വിതരണം ചെയ്തു തുടങ്ങിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ